# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1592 — 11.02.2013 ലെ മറുപടിക്ക്

### പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ. | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങളിൽ നിന്ന് പ്രതിപക്ഷ നേതാവിനെയും പ്രതിപക്ഷ ഉപനേതാവിനെയും ഒഴിവാക്കിയത് എന്തുകൊണ്ട്; | (എ) ഒഴിവാക്കിയിട്ടില്ല. 11-ാമത് പ്രവാസി ഭാരതീയ ദിവസ് ദേശീയതലത്തിൽ കേന്ദ്ര സർക്കാർ ജനുവരി 7-9 തിയതികളിൽ കൊച്ചിയിൽ വച്ച് നടത്തിയ പരിപാടിയാണ്. പ്രസ്തുത പരിപാടിയുടെ ഭാഗമായി ജനുവരി 9-ന് നടന്ന സംസ്ഥാന സെഷനിൽ പ്രാസംഗികനായി ബഹു. പ്രതിപക്ഷ നേതാവിനെ ഉൾപ്പെടുത്തുകയും അദ്ദേഹത്തെ ഔദ്യോഗിക വസതിയിൽ ചെന്ന് പ്രത്യേകം ക്ഷണിക്കുകയും ചെയ്തു. എന്നാൽ പരിപാടിയിൽ പങ്കെടുക്കുന്നതിന് അസൗകര്യം അറിയിച്ചുകൊണ്ടുള്ള കത്ത് ബഹു. പ്രതിപക്ഷ നേതാവ് നൽകുകയുണ്ടായി. |
| (ബി) പ്രോട്ടോക്കോൾ മര്യാദകൾ ലംഘിച്ചുകൊണ്ട് ജനുവരി 7 ന്റെ | (ബി) പ്രവാസി ഭാരതീയ ദിവസ് സംഘടിപ്പിച്ചതും പ്രസ്തുത പരിപാടിയുടെ പ്രാസംഗികരെയും നിശ്ചയിച്ചതും കേന്ദ്ര |

ഗൾഫ് സെഷനിൽ ഒരു പ്രത്യേക സംഘടനയുടെ നേതാവിനെ മാത്രം വേദിയിൽ പ്രത്യേക ഇരിപ്പിടം നൽകിയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

പ്രവാസികാര്യ വകുപ്പ് മന്ത്രാലയമാണ്.

(സി) പ്രവാസി ഭാരതീയ ദിവസിന് സംസ്ഥാന സർക്കാർ എത്ര തുകയാണ് ചെലവഴിച്ചത്;

(ഡി) കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ആകെ എത്ര തുകയാണ് ആഘോഷങ്ങൾക്കായി അനുവദിച്ചതെന്നറിയിക്കുമോ?

(സി) യും(ഡി) യും,

കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം സംഘടിപ്പിച്ച പ്രവാസി ഭാരതീയ ദിവസിന്റെ സംസ്ഥാന പവലിയൻ ഒരുക്കുന്നതിനും സംസ്ഥാന സെഷൻ നടത്തിപ്പിനും സംസ്ഥാന അതിഥികളുടെ താമസം, യാത്ര തുടങ്ങിയ ചെലവുകൾക്കും, മറ്റ് ചെലവുകൾക്കുമായി സംസ്ഥാന സർക്കാർ രണ്ടു കോടി രൂപ വകയിരുത്തിയിരുന്നു. യഥാർത്ഥ ചെലവുകളുടെ കണക്ക് ക്രോഡീകരിച്ചു വരുന്നതേയുള്ളൂ. മറ്റു ചെലവുകൾ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം നേരിട്ട് വഹിക്കുകയായിരുന്നു.

സെക്ഷൻ ഓഫീസർ